"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങൾക്ക് വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് ചെലവായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-36(02) (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.305/2025/WCDD തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.134/2025/WCDD, തീയതി 26.03.2025

2. വനിത ശിശു വികസന ഡയറക്ടറുടെ 06.06.2025ലെ DWCD/3548/2023-ICPS 2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിലെ കുട്ടികൾക്ക് കളിക്കുന്നതിനായി ഫുഡ്ബോൾ ടർഫ് ഇൻഡോർ ഗ്രൗണ്ട് സജ്ജീകരിച്ചതിന് അനുവദിക്കാനുള്ള ബാക്കി തുകയായ 15,18,400/-രൂപ,ഹോം പരിസരത്ത് ജെജെബി/ സിഡബ്ല്യുസി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിക്കാനുള്ള 11,22,298/-രൂപ ,ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികൾക്ക് കളിക്കുന്നതിനായി ടെന്നീസ് കോർട്ട് സജ്ജീകരിച്ചതിലേക്ക് ഇനി അനുവദിക്കാനുള്ള 3,17,109/-രൂപ എന്നിങ്ങനെ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബാക്കി അനുവദിക്കാനുള്ള 29,57,807/-രൂപ 2024-25 സാമ്പത്തിക വർഷത്തെ 2235-02-102-36(02)P ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024-25 സാമ്പത്തിക വർഷം മാർച്ച് മാസം പ്ലാൻ പ്രയോറിടൈസേഷൻ കാരണം മേൽ തുക മാറി നല്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത 29,57,807/- രൂപ (ഇരുപത്തി ഒൻപതു ലക്ഷത്തി അൻപത്തി ഏഴായിരത്തി എണ്ണൂറ്റി ഏഴു രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-36(02) (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ മായിത്തറ ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിനു ചെലവായ 29,57,807/-

രൂപ (ഇരുപത്തിയൊമ്പതു ലക്ഷത്തി അമ്പത്തിയേഴായിരത്തി എണ്ണൂറ്റിയേഴ് രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-36(02) P ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ, എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 04-07-2025 12:27:57